# പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.734 | 15.07.2014 ന് മറുപടിയ്ക്ക്.

## കടുവാ സങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) പെരിയാർ, പറമ്പിക്കുളം കടുവാസങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനത്തിനായി നൂതന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. പെരിയാർ, പറമ്പിക്കുളം കടുവാ സങ്കേതങ്ങൾക്ക് അധിക കേന്ദ്ര സഹായം ഉറപ്പ വരുത്തുന്നതിനായി 10 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ ഒറ്റത്തവണ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. വിവരവിനിമയ സാങ്കേതിക വിദ്യയിലൂന്നിയ വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കും, ജി.ഐ.എസ് ഡാറ്റാബേസ് വികസിപ്പിക്കുന്നതിനും, ആധുനികമായ ഇൻഫർമേഷൻ സെന്ററുകളും മറ്റ് അവശ്യ അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിടുന്നതാണ് നിർദ്ദിഷ്ട പദ്ധതി. |
| (ബി) ഈ പദ്ധതിക്ക് രൂപം നൽകിയ-താരാണ് ; പദ്ധതി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; പദ്ധതിക്ക് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; | (ബി) വനം വകുപ്പാണ് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. പദ്ധതി 18.07.2014-ൽ നടക്കുന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (സി) ബജറ്റിൽ നീക്കിവെച്ച തുകയിൽ എത്ര ശതമാനം ഇതിനകം ചെലവഴിക്കുക-യുണ്ടായി; | (സി) പദ്ധതിക്കായി ഇതുവരെ തുക ഒന്നുംതന്നെ ചെലവഴിച്ചിട്ടില്ല. |
| (ഡി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പദ്ധതിക്ക് കേന്ദ്ര സഹായം ഉറപ്പാക്കിയിട്ടുണ്ടോ? | (ഡി) വിവര വിനിമയ സാങ്കേതിക വിദ്യയുടേയും, ജി.ഐ.എസ്. സാങ്കേതിക വിദ്യയുടേയും അടിസ്ഥാനത്തിൽ ടൈഗർ റിസർവ്വുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, വന്യജീവി നിരീക്ഷണവും ഗവേഷണവും; പരിസ്ഥിതി സൗഹാർദ്ദ വിനോദ സഞ്ചാര വിപുലീകരണം, പരിസ്ഥിതി സംരക്ഷണത്തെ കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികളുടെ വിപുലീകരണം, നൂതന ഉപകരണങ്ങൾ ഉപയോഗിച്ച് ആശയ വിനിമയ സംവിധാനങ്ങളുടെ പരിഷ്കരണം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.<br>ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിലേക്ക് പെരിയാർ, പറമ്പിക്കുളം എന്നീ ടൈഗർ റിസർവ്വുകളിലേക്ക് ഓരോന്നിനും 500 ലക്ഷം രൂപ വീതം ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സഹായം ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.